കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി (**ഹോംകോ**), പാതിരപ്പള്ളി, ആലപ്പുഴ എന്ന് സ്ഥാപനത്തിലേക്ക് 2025 ജൂൺ 1 മുതൽ 2026 മേയ് 31 വരെ ഒരു വർഷ കാലയളവിലേക്ക് സെക്യൂരിറ്റി ഗാർഡിനെ ക്വട്ടേഷൻ വ്യവസ്ഥയിൽ നിയോഗിക്കുന്നതിനായി താത്പര്യമുള്ള അംഗീകൃത സെക്യൂരിറ്റി സർവ്വീസ് ഏജൻസികളിൽ നിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

**നിബന്ധനകൾ**

1. ക്വട്ടേഷൻ സമർപ്പിക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു തെളിയിക്കുന്ന രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷനോടൊപ്പം നിരത ദ്രവ്യമായി 1000/- രൂപ ( ആയിരം രൂപ മാത്രം) നൽകേണ്ടതാണ്. ഇത് ഓൺലൈനായോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈചൂണ്ടി ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ നൽകാവുന്നതാണ്.
3. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ക്വട്ടേഷൻ, മേലധികാരിക്ക് യുക്തമെന്ന് തോന്നുന്നപക്ഷം സ്ഥിരപ്പെടുത്തുന്നതാണ്.
4. നിർബന്ധമായും എക്സ് സർവ്വീസ്മാൻമാരെയാണ് സെക്യൂരിറ്റി ഗാർഡുമാരായി നിയോഗിക്കേണ്ടത്.
5. സെക്യൂരിറ്റി ഗാർഡായി നിയോഗിക്കപ്പെടുന്നവർ 21 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ആരോഗ്യമുള്ള പുരുഷനും സ്ത്രീയുമായിരിക്കണം
6. ഒരു ജീവനക്കാരൻ തുടർച്ചയായി രണ്ടു ഡ്യൂട്ടിയിൽ കൂടുതൽ നോക്കുവാൻ അനുവദിക്കുന്നതല്ല. സ്ത്രീ സെക്യൂരിറ്റി ജീവനക്കാരിയുടെ ഡ്യൂട്ടി സമയം രാവിലെ 8 മുതൽ വൈകീട്ട് 8 മണി വരെ ആയിരിക്കും
7. അടുത്ത ഡ്യൂട്ടിയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നയാൾ ഡ്യൂട്ടിയ്ക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം മാത്രമേ ഡ്യൂട്ടിയിലുള്ളയാൾ വിടുതൽ ചെയ്യുവാൻ പാടുകയുള്ളൂ.
8. ഈ സ്ഥാപനത്തിലെ എല്ലാ വസ്തുവകകളും സംരക്ഷിക്കേണ്ടതും മോഷണം പോകാതെ സൂക്ഷിക്കേണ്ടതും സെക്യൂരിറ്റി ജീവനക്കാരുടെ ഏറ്റവും മുഖ്യമായ ഉത്തരവാദിത്തമാണ്.
9. സെക്യൂരിറ്റി ഗാർഡുകളുടെ അശ്രദ്ധ മൂലമോ ഡ്യൂട്ടിയിലുള്ള വീഴ്ചമൂലമോ ഹോംകോയ്ക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് തുല്യമായ തുക ക്വട്ടേഷനറുടെ പക്കൽ നിന്നും ഈടാക്കുന്നതാണ്.
10. ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം പ്രസ്തുത ഏജൻസി/സ്ഥാപനം, 200/- രൂപയുടെ മുദ്രപ്പത്രത്തിൽ നിർദ്ദിഷ്ട എഗ്രിമെൻറ് സമർപ്പിക്കേണ്ടതും /- രൂപ (

രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റായി ഹോംകോയിൽ സമർപ്പിക്കേണ്ടതുമാണ്.

11. സെക്യൂരിറ്റി ജോലികൾ ഉത്തരവാദിത്തപ്പെട്ട ഓഫീസർമാരുടെ നിർദ്ദേശാനുസരണം ചെയ്യേണ്ടതാണ്.

12. കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ നിശ്ചയിച്ചിട്ടുള്ള G.S.T അടക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. കരാറുകാരൻ തരുന്ന ഇൻവോയ്സിൽ ടാക്സ് അടക്കമുള്ള തുക രേഖപ്പെടുത്തേണ്ടതുമാകുന്നു.

13. ബിൽ തുകയിൽ നിന്നും നിയമാനുസൃതമുള്ള വരുമാന നികുതി (TDS) ഈടാക്കുന്നതാണ്.

14. ഹോംകോയുടെ ആവശ്യാനുസരണം കാലാകാലങ്ങളിൽ അധികമായി വേണ്ടി വരുന്ന സെക്യൂരിറ്റി ഗാർഡുകളെ നിയോഗിക്കുവാൻ ക്വട്ടേഷനർ ബാദ്ധ്യസ്ഥനാണ്.

15. സെക്യൂരിറ്റി സേവനത്തിനുള്ള അതാത് മാസങ്ങളിലെ പ്രതിഫലം ഇൻവോയിസ് ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതായിരിക്കും.

**16.** സെക്യൂരിറ്റി സേവനത്തിന് നിശ്ചയിക്കപ്പെട്ട പ്രതിഫലം സ്വീകരിക്കാനല്ലാതെ സെക്യൂരിറ്റി സേവനത്തിനായി നിയോഗിക്കപ്പെടുന്ന വ്യക്തികൾക്കോ/കരാറുകാരനോ/ഏജൻസിക്കോ ഹോംകോയിൽ മറ്റ് **യാതൊരുവിധ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.**

17. സെക്യൂരിറ്റി സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദുചെയ്യുവാൻ ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

18. എല്ലാ ദിവസവും അവധി ദിവസങ്ങൾ ഉൾപ്പടെ 24 മണിക്കൂറും സെക്യൂരിറ്റി ഡ്യൂട്ടി ചെയ്യേണ്ടതാകുന്നു. 8 മണിക്കൂർ അല്ലെങ്കിൽ 12 മണിക്കൂർ (8 മണിക്കൂർ + 4 മണിക്കൂർ അധിക ജോലി സമയം) സെക്യൂരിറ്റി ഡ്യൂട്ടിക്ക് ഒരു ഗാർഡിന് നൽകേണ്ട നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

19. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകൾക്ക് യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ സെക്യൂരിറ്റി കരാറുകാരൻ സ്വന്തം ചെലവിൽ നൽകേണ്ടതും, ആയത് സെക്യൂരിറ്റി ഗാർഡുകൾ ഡ്യൂട്ടി സമയങ്ങളിൽ ധരിക്കേണ്ടതുമാണ്.

20. സെക്യൂരിറ്റി ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകളുടെ ഐഡന്റിറ്റി സംബന്ധിച്ച വിവരങ്ങൾ സെക്യൂരിറ്റി കരാറുകാർ/ഏജൻസി മുൻകൂട്ടി സമർപ്പിക്കേണ്ടതും ക്രിമിനൽ കേസ്, കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലയെന്ന സത്യവാങ്മൂലം അവരിൽ നിന്നും ശേഖരിച്ച് ഹോംകോയിൽ സമർപ്പിക്കേണ്ടതുമാണ്.

21. സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണ ചുമതല ഒഴിച്ച് നിയമപരമായും അല്ലാതെയുമുള്ള എല്ലാ ബാദ്ധ്യതകളും ക്വട്ടേഷനറിൽ നിക്ഷിപ്തമായിരിക്കും.

22. ക്വട്ടേഷനറുടേയും സെക്യൂരിറ്റി ജീവനക്കാരുടേയും ഹോംകോയിലുള്ള സേവനം തികച്ചും താൽക്കാലികവും ഒരു നിശ്ചിത കാലയളവിലേക്കും മാത്രമാണ്. ഇത് സംബന്ധിച്ച് ഭാവിയിൽ ഹോംകോയിൽ യാതൊരു അവകാശവും ഇവർക്ക് ഉണ്ടായിരിക്കുന്നതല്ല.

23. ക്വട്ടേഷനുകൾ ഹോംകോയുടെ പാതിരപ്പള്ളി ഓഫീസിൽ 17.06.2025 3.00 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. സ്വീകാര്യമായ ക്വട്ടേഷനുകൾ 18.06.2025 രാവിലെ 10.15 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെയോ അവർ ചുമതലപ്പെടുത്തിയിരിക്കുന്ന ഏജന്റിന്റേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറക്കുന്ന തീയതി പിന്നീട് അവധി ദിനമായി വരികയാണെങ്കിൽ അടുത്ത പ്രവർത്തിദിനം അതേ സമയത്ത് ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.

24. യാതൊരു കാരണവും കൂടാതെ ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ നിരസിക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ഹോംകോ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

25. ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് ഹോംകോയിൽ സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

26. ക്വട്ടേഷനുകൾ തപാൽ മുഖേന നൽകുന്നവർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി (**ഹോംകോ**), പാതിരപ്പള്ളി, ആലപ്പുഴ 688 521 എന്ന വിലാസത്തിലാണ് അയക്കേണ്ടത്.

**ഒപ്പ്**

**22.05.2025** **മാനേജിംഗ് ഡയറക്ടർ**